# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4

18-3-2013 -ൽ മറുപടിക്ക്

## നയപ്രഖ്യാപനമനുസരിച്ചുള്ള പദ്ധതികളുടെയും പരിപാടികളുടെയും നിർവ്വഹണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.സി.കൃഷ്ണൻ | ശ്രീ.ഉമ്മൻചാണ്ടി,<br>മുഖ്യമന്ത്രി. |
| (എ) 2012 മാർച്ച് 1-ന് ഗവർണ്ണർ പ്രഖ്യാപിച്ച നയമനുസരിച്ചുള്ള പദ്ധതികളുടെയും പരിപാടികളുടെയും നിർവ്വഹണം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) വകുപ്പു മന്ത്രിമാരും മുഖ്യമന്ത്രിയും ഇക്കാര്യത്തിൽ അവലോകനം നടത്തിയിട്ടുണ്ട്. അവലോകനവേളയിൽ നിർവ്വഹിക്കപ്പെട്ട നിർദ്ദേശങ്ങളുടെയും നിർവ്വഹണ നടപടികൾ തുടർന്നു വരുന്ന നിർദ്ദേശങ്ങളുടെയും പൂർണ്ണമായി നിർവ്വഹിക്കാൻ കഴിയാതെ പോയ നിർദ്ദേശങ്ങളുടെയും വിശദമായ പരിശോധന നടത്തി വരുന്നു. |
| (ബി) ഇതേവരെ നടപ്പാക്കിയിട്ടില്ലാത്തവ ഏതൊക്കെയാണ്; വകുപ്പ് തിരിച്ച് വിശദമാക്കാമോ; | (ബി) നടപ്പാക്കിയിട്ടില്ലാത്ത പദ്ധതികളും പരിപാടികളും സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) നയപ്രഖ്യാപനമനുസരിച്ച് ഭരണാനുമതി നൽകിയിട്ടും നിർവ്വഹണം നടന്നിട്ടില്ലാത്തവയെ കുറിച്ച് അവലോകനം നടത്തുകയുണ്ടായോ; അവ ഏതൊക്കെ; വിശദമാക്കുമോ; | (സി) ഭരണാനുമതി നൽകിയിട്ടും നിർവ്വഹണം നടന്നിട്ടില്ലാത്തവയെക്കുറിച്ച് വേർതിരിച്ച് ഒരു അവലോകനം നടത്തിയിട്ടില്ല. വിശദമായ അവലോകന വേളയിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## നടപ്പിലാക്കിയിട്ടില്ലാത്ത പദ്ധതികൾ

| വകുപ്പ് | പദ്ധതി |
|---|---|
| **നോർക്ക വകുപ്പ്** | 1. പ്രവാസി നിയമ സഹായ സെൽ<br>2. സ്വപ്നസാഫല്യം പദ്ധതി<br>3. മടങ്ങി വന്ന പ്രവാസി മലയാളികളുടെ പുനരധിവാസം. |
| **തൊഴിലും പുനരധിവാസവും വകുപ്പ്** | 1. സേഫ്റ്റി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പബ്ലിക് ട്രെയിനിംഗ് ആരംഭിക്കൽ<br>2. സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ഒരു സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കും. |
| **ജലവിഭവ വകുപ്പ്** | 1. ഹോംസ്റ്റെഡ് ഇറിഗേഷൻ പദ്ധതി.<br>2. മുല്ലപ്പെരിയാർ ഡാമിന്റെ നിർമ്മാണം. |
| **ഊർജ്ജ വകുപ്പ്** | കേരളത്തിൽ പവർ ഗ്രിഡുമായി ബന്ധപ്പെടുത്തി റൂഫ് ടോപ്പ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി. |
| **സാമൂഹ്യ നീതി വകുപ്പ്** | 1. ഓരോ നിയമസഭാ നിയോജക മണ്ഡലത്തിലും ഓരോ മാതൃകാ അംഗൻവാടി തുടങ്ങുന്ന പദ്ധതി.<br>2. സാമൂഹ്യനീതി വകുപ്പിൻ കീഴിലെ എല്ലാ ക്ഷേമ സ്ഥാപനങ്ങളിലും ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് അനായാസം പ്രവേശിക്കുന്നതിന് സൗകര്യങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി.<br>3. സംസ്ഥാനത്ത് ഒരു സമഗ്ര പോഷകാഹാര നയം രൂപീകരിക്കൽ.<br>4. പുതുക്കിയ വയോജന നയം രൂപീകരിക്കൽ. |
| **മത്സ്യബന്ധന തുറമുഖ വകുപ്പ്** | 1. ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ പുതിയ ഫിഷറീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതി ധനവകുപ്പിന്റെ അംഗീകാരം ലഭിക്കാത്തതിനാൽ നടപ്പിലായില്ല.<br>2. സ്ഥല ലഭ്യത അനുസരിച്ച് തിരുവനന്തപുരത്ത് 500 ടൺ ശേഷിയുള്ള വല നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.<br>3. വിഴിഞ്ഞം, മുതലപ്പൊഴി, ചെത്തി, തലായി, കൊയിലാണ്ടി എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ പണി പൂർത്തിയായിട്ടില്ല. |

| | |
|---|---|
| വനം വന്യജീവി വകുപ്പ് | പെരിയാർ, പറമ്പിക്കുളം കടുവാ സങ്കേതങ്ങളുടെ ബഫർ പ്രദേശങ്ങളെ വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളായി പ്രഖ്യാപിക്കൽ. |
| ടൂറിസം വകുപ്പ് | കേരളത്തെ ഇൻസന്റീവ് കേന്ദ്രമായി ശക്തിപ്പെടുത്തൽ, പരമ്പരാഗത വള്ളംകളി മത്സരങ്ങൾ പ്രദർശിപ്പിക്കാനുള്ള പുതിയ സംരംഭം ആരംഭിക്കുക. |
| വ്യവസായ വകുപ്പ് | 1. ഹൈസ്പീഡ് റെയിൽകോറിഡോർ.<br>2. കൊച്ചി–കോയമ്പത്തൂർ ഇൻഡസ്ട്രിയൽ കോറിഡോർ (NIMZ)<br>3. ഇലക്ട്രോണിക്സ് ഹബ്ബ് പദ്ധതി, കൊച്ചി.<br>4. കെ.എസ്.ഐ.ഡി.സി.യും ഗെയിൽ ഗ്യാസുമായി ചേർന്നുള്ള ഗ്യാസ് ബേസ്ഡ് ഇൻഫ്രാസ്ട്രക്ചർ പദ്ധതി. |
| കായിക യുവജനകാര്യ വകുപ്പ് | 1. യുവജനക്ഷേമ ബോർഡ്.<br>2. സംസ്ഥാന യുവജന കേന്ദ്രം.<br>3. അഞ്ച് ജില്ലകളിൽ യുവജന ഹോസ്റ്റലുകൾ.<br>4. യുവജന പരിശീലന കേന്ദ്രം സ്ഥാപിക്കൽ. |
| പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് | പട്ടികജാതി വികസന വകുപ്പിലെ ഐ.റ്റി.സി.കളിലെ വിദ്യാർത്ഥികളുടെ നൈപുണ്യ വികസന പദ്ധതി. |

Section Officer